പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*110

31/10/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.ഡി.കെ. മുരളി** | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഈ സർക്കാർ ആവിഷ്കരിച്ച നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിലാണ് നടപ്പിലാക്കുന്നത്. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല കർമ്മസേനയും നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ബഹു. മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന മിഷനുമുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ചുകൊണ്ട് ചിട്ടയായ ആസൂത്രണത്തോടുകൂടി സൂക്ഷ്മതയോടെയും സമയബന്ധിതവുമായി നിർവ്വഹിക്കുകയും ലക്ഷ്യമിട്ട ഗുണഫലങ്ങൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും സംയോജിപ്പിച്ചുകൊണ്ടും താഴെപ്പറയുന്ന നാല് മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.<br><br>**1) ഭൗതിക സൗകര്യ വികസനം**<br><br>അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ടും പ്ലാൻ ഫണ്ടുപയോഗിച്ചു കൊണ്ടുമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18 ലെ ബഡ്ജറ്റിൽ അനുവദിച്ച - 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ |

അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു, 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി 'കൈറ്റ്' ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൂടാതെ 39 സ്കൂളുകളുടെ നിർമ്മാണച്ചുമതലയ്ക്ക് SPV യായി 'ഇൻകലിനെ' ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

2018–19 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബിധനസഹായത്തോട 3 കോടി രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 166 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. 1 കോടി കിഫ്ബി ധനസഹായത്തോടെ 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് SPV യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടുപയോഗിച്ച് അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും.

## 2. <u>സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ / വിദ്യാലയം</u>

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കി. ഇതിനാവശ്യമായ ഇ -റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ വികസിപ്പിച്ചു. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി–വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയാക്കി.

3) **അക്കാദമിക പ്രവർത്തനങ്ങൾ**

1. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നു വരുന്നു.
2. ഭാഷാ വികാസത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ പദ്ധതികൾ.
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ പദ്ധതി'
4. ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം , തുടങ്ങിയവ
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്" പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
6. ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്
7. അധ്യാപക പരിശീലനം
8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ
9. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ

4. **സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ.**

വിദ്യാലയ വികസന പ്രവർത്തനങ്ങളിലെല്ലാം തന്നെ വലിയ തോതിലുള്ള പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു. പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പഠനോത്സവങ്ങൾ പോലെയുള്ള പരിപാടികൾ പി.ടി.എയുടെയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന പദ്ധതികളെക്കുറിച്ച് രക്ഷാകർത്താക്കളുമായി സംവദിച്ച് അവരുടെ പിന്തുണ തേടുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി 9941 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയ്ക്കായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയ്ക്കായി 292 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. കൂടാതെ

സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയ്ക്കായി 493.5 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 993 കോടി രൂപയും മികവിന്റെ കേന്ദ്രങ്ങൾക്ക് (141 സ്കൂളുകൾ) 705 കോടി രൂപയും അടിസ്ഥാന സൗകര്യവികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട (96 സ്കൂളുകൾക്ക് 288 കോടി രൂപയും കിഫ്ബിയുടെ ധനസഹായത്തോടെ നല്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ ഉപകരണങ്ങളുടെ വിതരണം സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടോ;

( ഡി) ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം 2019 നവംബർ 15-നകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രൈമറി അദ്ധ്യാപകർക്ക് പ്രത്യേക ഐ.ടി. പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഇ) ഉണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് പ്രൈമറി ക്ലാസുകളിലെ അധ്യാപകർക്ക് നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർപ്രൈമറി (36760) അധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തിരുന്നു.

**സെക്ഷൻ ഓഫീസർ**